ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ-സി) ഇല്ല, എന്നാൽ സംസ്ഥാനത്തൊട്ടാകെ ബാധകമാക്കാൻ ഉദ്ദേശിച്ചുകൊണ്ട് കേരളാ മെഡിക്കൽ പ്രാക്ടീഷനേഴ്സ് ബിൽ എന്ന പേരിൽ ഒരു കരട് ബിൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതിന്റെ വിശദാംശങ്ങൾ പരിശോധിച്ചു വരുന്നതേയുള്ളൂ.

(ഡി) ഐ.എം.സി.സി.ആക്ട് ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാണ്.

സ്വകാര്യ ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് നടപടി

8 (*597) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എം. ദാസൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സ്വകാര്യ ബ്ലഡ് ബാങ്കുകളിൽ രക്തം ആവശ്യപ്പെടുന്നവരിൽ നിന്നും കൂടുതൽ തുക ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്വകാര്യ ബ്ലഡ് ബാങ്കുകൾ ആരംഭിക്കുന്നതിന് സർക്കാർ എന്തെല്ലാം നിബന്ധനകളാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവ ആരംഭിക്കുന്നതിന് കർശനമായ വ്യവസ്ഥകൾ ഏർപ്പെടുത്തുമോ ;

(ഇ) സർക്കാർ മേഖലയിൽ കൂടുതൽ ബ്ലഡ് ബാങ്കുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) നിയമ വ്യവസ്ഥകൾ കർശനമായി നടപ്പാക്കുന്നത് വഴിയാണ് രക്ത ബാങ്കുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത്.

(ബി) കൂടുതൽ തുക ഈടാക്കുന്നതായി പരാതിയൊന്നും ശ്രദ്ധിയിൽപ്പെട്ടിട്ടില്ല.

(സി & ഡി) 1947-ലെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ചട്ടങ്ങളിൽ കർശനമായ വ്യവസ്ഥകൾ നിർദ്ദേശിച്ചിട്ടുണ്ട്. അവയുടെ പ്രധാന ഭാഗങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

† അനുബന്ധം - II

LIBRARY ARCHIVES Kerala Legislative Assembly